## കെ.എം അബ്ദുർറഹീം സാഹിബ്

ഈയിടെ അന്തരിച്ച ആലുവ തായിക്കാട്ടുകര കെ.എം അബ്ദുർറഹീം സാഹിബ് വിനയപൂർവമായ പെരുമാറ്റം കൊണ്ട് ഹൃദയങ്ങൾ കീഴടക്കിയ വ്യക്തിയായിരുന്നു. ജീവിതത്തിന്റെ നല്ലൊരുഭാഗം ദുബൈയിൽ ചെലവഴിച്ച അദ്ദേഹം ബന്ധപ്പെട്ട എല്ലാവരെയും തന്റെ ഉദാത്തമായ സ്വഭാവമഹിമകൊണ്ട് കീഴടക്കി. ഗൗരവപൂർണമായ ഇടപെടലുകളിലൂടെയും നിഷ്കളങ്കമായ തമാശകളിലൂടെയും പലരുടെയും ജീവിതത്തെ സ്വാധീനിക്കാൻ അദ്ദേഹത്തിനായി. പരക്ഷേമതൽപരത ജീവിതത്തിന്റെ സഹജഭാവമായി കൊണ്ടുനടന്ന അബ്ദുർറഹീം സാഹിബ്, കഷ്ടതയനുഭവിക്കുന്നവരെ സഹായിക്കുന്നതിൽ പ്രത്യേകം ശ്രദ്ധവെച്ചു.

ദുബൈ ഇലക്ട്രിസിറ്റി ആന്റ് വാട്ടർ അതോറിറ്റിയിൽ ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹം ബർദുബൈ ഇസ്‌ലാമിക് കൾച്ചറൽ സെന്ററിന്റെ പ്രസിഡന്റായി ദീർഘകാലം ചുമതല വഹിക്കുകയുണ്ടായി. ഇക്കാലയളവിൽ പ്രസ്ഥാനത്തിന് ദുബൈയിൽ അടിത്തറപാകുന്നതിനും താഴേക്കിടയിലുള്ള പ്രവർത്തകരെ ദീനീവിജ്ഞാനവും പ്രാസ്ഥാനികാവബോധവും നൽകി ഉയർന്ന വ്യക്തിത്വമുള്ളവരാക്കി മാറ്റുന്നതിനും കഠിനാധ്വാനം ചെയ്തു. സ്നേഹമസൃണമായ പെരുമാറ്റവും അതിരുകടക്കാത്ത തമാശകളും ബന്ധപ്പെടുന്ന എല്ലാവരെയും അദ്ദേഹത്തോട് ചേർത്തുനിർത്തി. പ്രത്യക്ഷത്തിൽ പരുക്കനെന്ന് തോന്നുന്നവർക്ക്, മുഖത്ത് കാണുന്ന ഗൗരവം ഉള്ളിൽ സൂക്ഷിക്കുന്നില്ലെന്ന് മനസ്സിലാകാൻ അധികം കാത്തിരിക്കേണ്ടിവരില്ല. തനിക്ക് ബോധ്യം വന്ന സത്യം വെട്ടിത്തുറന്ന് പറയാൻ സ്നേഹബന്ധങ്ങൾ തടസ്സമായതുമില്ല. സമയനിഷ്ഠ പാലിക്കുന്നതിൽ അതീവശ്രദ്ധ ചെലുത്തിയിരുന്ന അദ്ദേഹം, ഏൽപിക്കപ്പെട്ട പ്രാസ്ഥാനിക ചുമതലകളിൽ വീഴ്ചവരുത്തിയില്ലെന്നു മാത്രമല്ല, ഒപ്പമുള്ളവരുടെ പല ചുമതലകളും ഹൃദയപൂർവം ഏറ്റെടുക്കുകയും ചെയ്തു. അവർക്ക് ജോലിത്തിരക്കും മറ്റും കാരണം വേണ്ടത്ര സമയം കിട്ടുന്നില്ലെന്നും തനിക്ക് സർക്കാർ സർവീസിലായതിനാൽ അത് പരിഹരിക്കാൻ കഴിയുമെന്നതുമായിരുന്നു അതിനദ്ദേഹം പറഞ്ഞ ന്യായമെന്ന് ഏറെക്കാലം ബർദുബൈ ഐ.സി.സി യൂനിറ്റ് സെക്രട്ടറിയായിരുന്ന പി.വി ഖാസിം ഓർക്കുന്നു.

അനാഥകളെയും അഗതികളെയും തന്റെ കഴിവിനനുസരിച്ച് സംരക്ഷിക്കുന്നതിന് മുൻകൈയെടുത്തിരുന്നു. തായിക്കാട്ടുകര മോഡൽ ഓർഫനേജിലെ ആസാം, മണിപ്പൂർ നിവാസികളായ അനാഥർക്കു വേണ്ടിയുള്ള കളക്ഷൻ ഒരു വ്രതം പോലെ ഏറ്റെടുത്തിരുന്നു. ദുബൈയിൽനിന്ന് പോകുമ്പോൾ കളക്ഷൻ തുടരാൻ മകൻ സൽമാനെയും അടുത്ത സുഹൃത്ത് വി. അബൂബക്കറിനെയും ഏൽപിച്ചുകൊണ്ടാണ് അദ്ദേഹം യാത്രപറഞ്ഞത്. മരണപ്പെട്ടതിനു ശേഷം അദ്ദേഹത്തിന് കൊടുക്കാനുള്ള സംഖ്യയുമായി മക്കളെ സമീപിച്ചപ്പോഴാണ് തിരികെ കിട്ടുമെന്നു പോലും പ്രതീക്ഷിക്കാതെ കടം കൊടുക്കാനുള്ള അദ്ദേഹത്തിന്റെ മനഃസ്ഥിതി പലരും അറിയുന്നത്. കഷ്ടപ്പെടുന്ന ചിലരെ അവർ പോലും അറിയാതെ സഹായിക്കാൻ 'മധ്യവർത്തികൾ' മുഖേന തന്റെ പേര് പറയരുതെന്ന നിബന്ധനയിൽ വലിയ തുകകൾ കൊടുത്തിരുന്ന വിവരം മരണശേഷം പലരും വെളിപ്പെടുത്തുകയുണ്ടായി.

1978 ഡിസംബർ മുതൽ ദുബൈയിലായിരുന്നെങ്കിലും നാട്ടിൽ വരുമ്പോഴൊക്കെ പ്രസ്ഥാനവുമായി സജീവമായ ബന്ധം നിലനിർത്തിപ്പോന്നു. അതുകൊണ്ടുതന്നെ, നാല് വർഷം മുമ്പ് റിട്ടയർ ചെയ്ത് നാട്ടിലേക്ക് പോയ ഉടനെ ധാരാളം പ്രാസ്ഥാനിക ഉത്തരവാദിത്വങ്ങൾ അദ്ദേഹത്തിലർപ്പിതമായി. തായിക്കാട്ടുകര പ്രാദേശിക ഹൽഖയുടെ അമീറായും ഇസ്‌ലാമിക് എഡ്യുക്കേഷനൽ ട്രസ്റ്റിന്റെ ചെയർമാനായും പ്രവർത്തിക്കുന്നതിനിടയിലാണ് ഹൃദയാഘാതത്തെ തുടർന്ന് 64-ാമത്തെ വയസ്സിൽ മരണപ്പെടുന്നത്. ഭാര്യയും നാല് ആൺമക്കളും മകളും മരുമക്കളുമടങ്ങുന്ന കുടുംബത്തെ പ്രസ്ഥാനവുമായി ചേർത്തുനിർത്തുന്നതിലും അദ്ദേഹം വിജയിച്ചു. അല്ലാഹു അദ്ദേഹത്തിന്റെ പാപങ്ങൾ പൊറുത്ത് കൊടുക്കുകയും അദ്ദേഹത്തെയും നമ്മെയും അവന്റെ സ്വർഗത്തിൽ ഇടം നൽകി അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ - ആമീൻ.

**താജ് ആലുവ**

## സി. അലി മൗലവി

ജമാഅത്തെ ഇസ്‌ലാമി കുഴിപ്പുറം കാർകുൻ ഹൽഖയിലെ സി. അലി മൗലവി (65) അല്ലാഹുവിങ്കലേക്ക് യാത്രയായി - *ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.*

ഫറോക്ക് റൗദത്തുൽ ഉലൂമിൽ പഠിച്ചുകൊണ്ടിരിക്കെ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു. 1962-65 കാലഘട്ടത്തിൽ പ്രസ്ഥാന പ്രചാരണാർഥം കെ.പി.കെ അഹ്മദ് മൗലവി, കെ.ടി അബ്ദുപ്പു മൗലവി, മൊയ്തീൻ മൗലവി (ഫലാഹിയാ കോളേജ് മുൻ പ്രിൻസിപ്പൽ) എന്നിവരുടെ വഅ്ള് പരമ്പരകൾ പ്രദേശത്ത് സംഘടിപ്പിക്കുന്നതിൽ നേതൃപരമായ പങ്ക് വഹിച്ചു. ആദ്യകാലത്ത് പറപ്പൂർ ഹൽഖയുമായി ബന്ധപ്പെട്ടാണ് പ്രവർത്തിച്ചിരുന്നത്.

പരേതനെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.

**സി. കോയാമു കുഴിപ്പുറം**

## കെ.പി അബ്ദുസ്സലാം



ചമ്രവട്ടത്തെ ആദ്യകാല ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകനും ചേന്നര പ്രാദേശിക ജമാഅത്ത് അംഗവുമായ കെ.പി അബ്ദുസ്സലാം (79) 2007 ഫെബ്രുവരി 14-ന് അല്ലാഹുവിലേക്ക് യാത്രയായി. *ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.*

കൊച്ചിയിൽ കച്ചവടം ചെയ്തിരുന്ന കാലത്ത് അവിടത്തെ ഇസ്‌ലാമിക പ്രവർത്തകരുമായുള്ള ബന്ധമാണ് അദ്ദേഹത്തെ പ്രസ്ഥാന പ്രവർത്തകനാക്കിയത്. സ്വദേശമായ ചമ്രവട്ടം-പുതുപ്പള്ളിയിൽ തിരിച്ചെത്തിയ ശേഷം പ്രസ്ഥാനത്തെ പരിചയപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചു. വ്യക്തിബന്ധങ്ങൾ നിലനിർത്താൻ ശ്രദ്ധിച്ചിരുന്നു.

*പ്രബോധനം*, *മാധ്യമം* ഏജന്റായിരുന്നു. ഏറ്റവും നല്ല ഏജന്റിനുള്ള *മാധ്യമം* സ്വർണപതക്കം ലഭിച്ചിട്ടുണ്ട്. 'ദരിദ്രർക്ക് സ്വന്തമായൊരു വീട്' എന്ന ലക്ഷ്യത്തോടെ സ്ഥാപിച്ച ശാന്തിഗ്രാം ഹൗസിംഗ് കോളനിയുടെ മുഖ്യ ആസൂത്രകരിലൊരാളായിരുന്നു.

പ്രസ്ഥാനപ്രവർത്തകരും അനുഭാവികളും ചേർന്നതാണ് അദ്ദേഹത്തിന്റെ കുടുംബം. മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളുമുൾപ്പെടെ അഞ്ച് മക്കളും ഭാര്യയും ജീവിച്ചിരിപ്പുണ്ട്. കരുണാമയനായ അല്ലാഹു അദ്ദേഹത്തിന്റെ സൽക്കർമങ്ങൾ സ്വീകരിക്കുമാറാകട്ടെ. ആമീൻ.

**സി. ബാവ ചേന്നര**